**പതിമൂന്നാം കേരള നിയമസഭ**
**എട്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3260 03.04.2013 - ൽ മറുപടിയ്ക്ക്

**സോഷ്യൽ സെക്യൂരിറ്റി മിഷൻ**

ചോദ്യം

ഉത്തരം

ശ്രീ. ഇ. പി. ജയരാജൻ

**ഡോ. എം.കെ. മുനീർ**
(ബഹു. പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | എൻഡോസൾഫാൻ ദുരന്ത മേഖലകളിൽ കേരളാ സോഷ്യൽ സെക്യൂരിറ്റി മിഷൻ മുഖേന എന്തെല്ലാം പദ്ധതി കളാണ് നടപ്പിലാക്കി വരുന്ന തെന്നു വ്യക്തമാക്കുമോ ; | (എ) | സ്നേഹസാന്ത്വനം പദ്ധതി പ്രകാരം ആരോഗ്യ വകുപ്പ് നടത്തിയ സർവ്വേയു ടേയും മെഡിക്കൽ ക്യാമ്പിന്റെയും അടിസ്ഥാനത്തിൽ തയ്യാറാക്കിയ ദുരിത ബാധിതരുടെ ലിസ്റ്റ് ബന്ധപ്പെട്ട ജില്ലാ കളക്ടറുടെ അംഗീകാരത്തോടെ സാമൂഹ്യ സുരക്ഷാ മിഷന് സമർപ്പി ക്കുകയും പ്രസ്തുത ലിസ്റ്റ് പ്രകാരം ദീർഘകാല ചികിൽസ ആവശ്യ മുള്ളതും രോഗാവസ്ഥയിലുള്ളവരും തൊഴിലെടുക്കാനാകാതെ വീട്ടിനുള്ളിൽ കഴിയുന്നവരുമായവരിൽ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന് വികലാംഗ പെൻഷൻ ലഭിക്കുന്ന വർക്ക് 1700/- രൂപയും വികലാംഗ പെൻഷൻ ലഭിയ്ക്കാത്തവർക്ക് 2000/- രൂപയും എൻഡോസൾഫാൻ ദുരിത ബാധിതരിൽ രോഗബാധിതരായ മറ്റുള്ള വർക്ക് 1000/- രൂപ വീതവും പ്രതിമാസ ധനസഹായം അനുവദിച്ചു വരുന്നു.<br><br>എൻഡോസൾഫാൻ ദുരിതബാധിത കുടുംബങ്ങളിലെ കുട്ടികൾക്ക് 2011-12, 2012-13 സ്കൂൾ വർഷത്തിലേയ്ക്കുള്ള വിദ്യാഭ്യാസ ചെലവുകൾക്കായി പ്രത്യേക വിദ്യാഭ്യാസ ധനസഹായം നൽകുന്ന പദ്ധതി നടപ്പിലാക്കി വരുന്നു.<br><br>എൻഡോസൾഫാൻ ദുരിതബാധിത രായ 18 വയസ്സുവരെയുള്ള കുട്ടികളുടെ ചികിൽസയ്ക്കായി കാസർഗോഡ് ജില്ല/ താലൂക്ക് ആശുപത്രിയ്ക്ക് താലോലം എന്ന പദ്ധതി മുഖേന പ്രത്യേക ഫണ്ട് അനുവദിച്ച് പൂർണ്ണ സൗജന്യ ചികിത്സ നൽകി വരുന്നു. |

| | | | |
|---|---|---|---|
| | | | എൻഡോസൾഫാൻ ദുരിതമനുഭവിക്കുന്നവരുടെ ചികിൽസയ്ക്കായി കാസർഗോഡ് ജില്ലാ കളക്ടർക്ക് 50 ലക്ഷം രൂപ കേരള സാമൂഹ്യ സുരക്ഷാ മിഷനിൽ നിന്ന് അനുവദിച്ചിട്ടുണ്ട്.<br><br>എൻഡോസൾഫാൻ ദുരിതബാധിതരിൽ മരണപ്പെട്ടവരുടെ ആശ്രിതർക്ക് ധനസഹായം അനുവദിക്കുന്നതിനായി 17,87,50,000/- രൂപ കാസർഗോഡ് ജില്ലാ കളക്ടർക്ക് അനുവദിച്ചിട്ടുണ്ട്. |
| (ബി) | 2012-13 സാമ്പത്തിക വർഷത്തിൽ ഇതിനായി എത്ര തുക നീക്കിവച്ചുവെന്നും ഇതിനോടകം എത്ര തുക ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ ; | (ബി) | 2012-13 സാമ്പത്തിക വർഷത്തിൽ എൻഡോസൾഫാൻ ദുരിതബാധിതരുടെ ക്ഷേമ പ്രവർത്തനങ്ങൾക്കുവേണ്ടി 27,87,50,000/- രൂപ നീക്കി വച്ചിട്ടുണ്ട്. ഇതിനോടകം 26,48,80,272/- രൂപ ചെലവഴിച്ചു കഴിഞ്ഞു. |
| (സി) | പദ്ധതിയുമായി ബന്ധപ്പെട്ട് എത്ര ഗുണഭോക്താക്കൾക്ക് ആനുകൂല്യം ലഭിക്കുന്നുണ്ടെന്നു വ്യക്തമാക്കുമോ ; | (സി) | സ്നേഹസാന്ത്വനം പദ്ധതി പ്രകാരം 3980 പേർക്കും വിദ്യാഭ്യാസ ധനസഹായം നൽകുന്ന പദ്ധതി പ്രകാരം 2011-12 അദ്ധ്യയന വർഷം 2563 കുട്ടികൾക്കും 2012-13 അദ്ധ്യയന വർഷം 2521 കുട്ടികൾക്കും ധനസഹായം വിതരണം ചെയ്തിട്ടുണ്ട്. |
| (ഇ) | എൻഡോസൾഫാൻ ദുരന്ത മേഖലകളിൽ പദ്ധതി നടപ്പിലാക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വിശദമാക്കുമോ ? | (ഇ) | കേരള സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന നടപ്പിലാക്കി വരുന്ന പ്രതിമാസ ധനസഹായങ്ങൾ ഇലക്ട്രോണിക് മണിയോർഡർ മുഖാന്തിരവും ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ട് മുഖേനയും വിതരണം ചെയ്യുന്നതിനും ബാങ്ക് അക്കൗണ്ടിൽ നിന്നും തുക പിൻവലിക്കുന്നതിന് എ.റ്റി.എം. കാർഡും നൽകിയിട്ടുണ്ട്. |

R. Vijayan

സെക്ഷൻ ഓഫീസർ